**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4740** **11-08-2021 - ല്‍ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ വിദ്യാഭ്യാസ ശാക്തീകരണ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരന്‍,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആര്‍. സുനില്‍കുമാര്‍ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തില്‍ ഓണ്‍ലൈന്‍ പഠന സൗകര്യങ്ങള്‍ ഉള്‍പ്പെടെ വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി അധിക വിഭവ സമാഹരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന സാമൂഹിക നിലപാടില്‍ കോവിഡ് മഹാമാരിയുടെ സാഹചര്യത്തില്‍ സാര്‍ത്ഥകമാക്കാന്‍ സഹായകമാകുംവിധം ഓണ്‍ലൈന്‍ ക്ലാസുകളില്‍ പങ്കെടുക്കുന്നതിന് പൊതുവിദ്യാലയങ്ങളിലെ മുഴുവന്‍ കുട്ടികള്‍ക്കും ഡിജിറ്റല്‍ ഉപകരണങ്ങളും, എല്ലാ കുട്ടികള്‍ക്കും ഓണ്‍ലൈന്‍ ക്ലാസ്സില്‍ തടസ്സങ്ങളില്ലാതെ പങ്കെടുക്കാന്‍ ആവശ്യമായ ക്രമീകരണങ്ങളും, കുട്ടികളുടെ വിദ്യാഭ്യാസം സാമൂഹികമായ ഉത്തരവാദിത്തം ആയതിനാല്‍ അതിനായി ആവിഷ്കരിക്കുന്ന ജനകീയ പദ്ധതികളില്‍ എല്ലാവരുടെയും അര്‍ത്ഥപൂര്‍ണ്ണമായ പങ്കാളിത്തം ഉറപ്പാക്കുകയും, ഡിജിറ്റല്‍ സംവിധാനങ്ങള്‍ പ്രയോജനപ്പെടുത്തുമ്പോള്‍ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെയും സമൂഹത്തെയും സജ്ജരാക്കാനുള്ള പ്രവര്‍ത്തനങ്ങള്‍ നടത്തുകയുമാണ് ശാക്തീകരണത്തിന്റെ ഭാഗമായ നടപടികള്‍. പൊതുവിദ്യാഭ്യാസ രംഗത്തെ ശാക്തീകരിക്കാന്‍ 'വിദ്യാകിരണം' എന്ന പേരില്‍ പ്രത്യേക പദ്ധതിക്ക് സംസ്ഥാന സര്‍ക്കാര്‍ രൂപം നല്‍കി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് സമാനമായ ജനകീയ ഇടപെടലിലൂടെ എല്ലാ വിദ്യാര്‍ത്ഥികള്‍ക്കും ഡിജിറ്റല്‍ പഠനോപകരണങ്ങള്‍ ഉറപ്പാക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയില്‍ വിദ്യാഭ്യാസ ശാക്തീകരണത്തിനായി ഒരു നിധി രൂപീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | രൂപീകരിച്ചിട്ടുണ്ട്. പാഠപുസ്തകം ലഭ്യമാക്കുന്നത് പോലെ കുട്ടികള്‍ക്ക് ഓണ്‍ലൈന്‍ ഉപകരണങ്ങള്‍ ലഭ്യമാക്കുക എന്ന ലക്ഷ്യം മുന്‍നിര്‍ത്തി ഓണ്‍ലൈന്‍ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ജനകീയ ക്യാമ്പയിന്‍ 'വിദ്യാകിരണം' എന്ന പേരില്‍ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഡിജിറ്റല്‍ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ ലഭ്യമാക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഭാഗമായി 'ചീഫ് മിനിസ്റ്റേഴ്സ് എഡ്യൂക്കേഷണൽ 'എംപവർമെൻറ് ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക അക്കൗണ്ടും അതുമായി ബന്ധപ്പെട്ട് പോർട്ടലും (https://vidyakiranam.kerala.gov.in) തയ്യാറാക്കിയിട്ടുണ്ട് . |
| (സി) | എങ്കിൽ പ്രസ്തുത നിധിയിൽ നിന്നുള്ള ധനസഹായം ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത അർഹരായ കുട്ടികളെ കണ്ടെത്തി അവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഫണ്ടിലേക്ക് ധനസമാഹരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് സമാനമായ ജനകീയ ഇടപെടലിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വ്യക്തികൾ, കമ്പനികൾ, സംഘടനകൾ തുടങ്ങിയ -വർക്ക് കുട്ടികൾക്കോ, സ്കൂളുകൾക്കോ https://vidyakiranam.kerala.gov.inഎന്ന വെബ്സൈറ്റിലൂടെ സഹായം നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ